# സാമ്പത്തിക ശാസ്ത്രം

- സമ്പത്തിനെക്കുറിച്ചുള്ള പഠനം **അഫ്നോളജി** എന്നറിയപ്പെടുന്നു.
- സാമ്പത്തികശാസ്ത്രത്തിന്റെ പിതാവ് **ആഡംസ്മിത്ത്** ആണ്
- ആഡംസ്മിത്തിന്റെ പ്രശസ്തകൃതിയാണ് **"Wealth of Nations"**
- ആഡംസ്മിത്തിന്റെ **Laissez fair theorem** Wealth of Nations ലാണുള്ളത്.
- ഗവൺമെന്റ് സാമ്പത്തിക കാര്യങ്ങളിൽ വളരെ കുറച്ച് ഇടപെടുന്ന രീതിയാണ് **ലെസേഴ്സ് ഫെയർ സിദ്ധാന്തത്തിൽ** പ്രതിപാദിക്കുന്നത്.
- **ചോദന നിയമം** (Law of demand) അവതരിപ്പിച്ചത് **Alferd Marshal** ആണ്.
- സാമ്പത്തികശാസ്ത്രത്തിന്റെ രണ്ടു വിഭാഗങ്ങളാണ് **സ്ഥൂല സാമ്പത്തികശാസ്ത്രവും** (Macro Economics) **സൂക്ഷ്മസാമ്പത്തികശാസ്ത്രവും** (Micro Economics)
- സ്ഥൂല സാമ്പത്തികശാസ്ത്രം പൊതുസിദ്ധാന്തം എന്നുകൂടി അറിയപ്പെടുന്നു.
- സ്ഥൂല സാമ്പത്തികശാസ്ത്രത്തിന്റെ ഉപജ്ഞാതാവ് **J.M. Kayenes** ആണ്.
- സൂക്ഷ്മസാമ്പത്തികശാസ്ത്രം **വിലസിദ്ധാന്തം** (price theory) എന്നുകൂടി അറിയപ്പെടുന്നു.
- **മാർഷൽ റിക്കാർഡോ, പിഗോ** എന്നിവരാണ് സൂക്ഷ്മസാമ്പത്തികശാസ്ത്രത്തിന്റെ പ്രയോക്താക്കൾ
- പണം ചെയ്യുന്നതെന്തോ അതാണ് പണം എന്നു പറഞ്ഞത് **വാക്കർ** ആണ്.
- 'Bad money drives Good money out' എന്നു പറഞ്ഞ സാമ്പത്തികശാസ്ത്രജ്ഞൻ - **തോമസ് ഗ്രഷാം**

## സമ്പദ് വ്യവസ്ഥ

**സമ്പദ്വ്യവസ്ഥകളെ മൂന്നാക്കി തിരിക്കാം.**

1. **മുതലാളിത്ത സമ്പദ് വ്യവസ്ഥ (Capitalist Economy)**
2. **സോഷ്യലിസ്റ്റ് സമ്പദ് വ്യവസ്ഥ (Socialist Economy)**
3. **മിശ്രസമ്പദ് വ്യവസ്ഥ (Mixed Economy)**

Career Focus

1. **മുതലാളിത്ത സമ്പദ്വ്യവസ്ഥ :-**

   ഉത്പാദന വിതരണമേഖലകളിൽ സ്വകാര്യ വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും മുൻതൂക്കം നൽകുന്ന സമ്പദ്വ്യവസ്ഥ മുതലാളിത്ത സമ്പദ് വ്യവസ്ഥ എന്ന് അറിയപ്പെടുന്നു.

   ഉദാ: **യു.എസ്. ബ്രിട്ടൺ, ജർമനി**

2. **സോഷ്യലിസ്റ്റ് സമ്പദ് വ്യവസ്ഥ :-**

   ഗവൺമെന്റ് മേൽനോട്ടത്തിലുള്ള മൂലധന നിക്ഷേപത്തിലൂടെ പൊതുമേഖലക്ക് പ്രാധാന്യം കൊടുക്കുന്ന സമ്പദ്വ്യവസ്ഥ സോഷ്യലിസ്റ്റ് സമ്പദ്വ്യവസ്ഥ എന്ന് അറിയപ്പെടുന്നു.

   ഉദാ:- **മുൻചൈന, മുൻ റഷ്യ, ക്യൂബ**

3. **മിശ്രസമ്പദ് വ്യവസ്ഥ:-**

   ഉത്പാദന വിതരണമേഖലകളിൽ മുതലാളിത്തത്തിന്റെയും സോഷ്യലിസത്തിന്റെയും പ്രത്യേകതകൾ ഉൾക്കൊള്ളുന്ന സമ്പദ്വ്യവസ്ഥയാണ് മിശ്ര സമ്പദ്വ്യവസ്ഥ

   ഉദാ: **ഇന്ത്യ**

   **ഒരു രാജ്യത്തിന്റെ സമ്പദ് ഘടനയെ പ്രധാനമായും 3 അടിസ്ഥാന മേഖലകളാക്കി തിരിക്കാം.**

1. **പ്രാഥമിക മേഖല (Primary Sector)**
2. **ദ്വിതീയ മേഖല (Secondary Sector)**
3. **തൃതീയമേഖല (Tertiary Sector)**

1. **പ്രാഥമിക മേഖല**

   അസംസ്കൃത വസ്തുക്കളുടെ ഉത്പാദനവും മത്സ്യബന്ധനവും കൃഷിയും ഉൾപ്പെടുന്ന പ്രാഥമികമേഖലയുടെ അടിത്തറ കൃഷിയാണ്.

2. **ദ്വിതീയ മേഖല**

   ദ്വിതീയമേഖല 'വ്യവസായമേഖല' എന്നു കൂടി അറിയപ്പെടുന്നു

സാധനങ്ങളുടെ ഉത്പാദനം, നിർമ്മാണപ്രവർത്തനങ്ങൾ എന്നിവയാണ് ദ്വിതീയ മേഖലയിൽ വരുന്നത്.

3. **തൃതീയ മേഖല**

സേവന മേഖലയാണ് തൃതീയ മേഖല

ഉദാ: **ബാങ്കിംഗ്, വാണിജ്യം**

### വികസ്വര രാജ്യങ്ങളും വികസിത രാജ്യങ്ങളും

സാമ്പത്തികപുരോഗതി അടിസ്ഥാനമാക്കി രാജ്യങ്ങളെ രണ്ടായി തരംതിരിക്കാം:

1) ഉയർന്ന പ്രതിശീർഷ വരുമാനവും, വ്യാവസായിക പുരോഗതിയെ ജീവിത നിലവാരവുമുള്ള രാജ്യങ്ങളെ വികസിതരാജ്യങ്ങൾ എന്നറിയപ്പെടുന്നു.

ഉദാ: **അമേരിക്ക, ഫ്രാൻസ്, ജപ്പാൻ, ഇറ്റലി തുടങ്ങിയവ**

ഏഷ്യയിലെ വികസിത രാജ്യങ്ങൾ **ജപ്പാൻ, സിംഗപ്പൂർ** എന്നിവയാണ്.

2) താഴ്ന്ന പ്രതിശീർഷ വരുമാനവും വ്യാവസായിക പിന്നോക്കാവസ്ഥയും താഴ്ന്ന ജീവിത നിലവാരങ്ങളും ഉള്ള രാജ്യങ്ങൾ വികസ്വര രാജ്യങ്ങൾ എന്നറിയപ്പെടുന്നു.

ഉദാ: **ഇന്ത്യ, പാക്കിസ്ഥാൻ.**

- ഒരു രാജ്യത്തിന്റെ സമ്പദ് വ്യവസ്ഥയുമായി ബന്ധപ്പെട്ട് മനുഷ്യന്റെ സമഗ്രപുരോഗതിയെ സൂചിപ്പിക്കുന്ന അളവുകോലാണ് മാനുഷിക വികസന സൂചിക (Human Development Index)
- HDI രൂപപ്പെടുത്തിയത് ഇന്ത്യൻ സാമ്പത്തിക ശാസ്ത്രജ്ഞരായ **അമർത്യസെന്നും**, പാക് സാമ്പത്തിക ശാസ്ത്രജ്ഞനായ **മെഹ്ബൂബ്-ഉൾ-ഹക്കും** ചേർന്നാണ്.
- HDI കണക്കാക്കുന്നത് UNDP ആണ്

### ഇന്ത്യൻ സമ്പദ്‌വ്യവസ്ഥ

ഇന്ത്യൻ സാമ്പത്തികശാസ്ത്രത്തിന്റെ പിതാവ് ദാദാബായി നവറോജി ആണ്

നവറോജിയുടെ പ്രശസ്തകൃതിയായ **Poverty and Unbritish Rule in India** യിലാണ് അദ്ദേഹം Economic Drain Theory അവതരിപ്പിച്ചത്.

Career Focus

**ഇന്ത്യൻ സമ്പദ്ഘടന**

പ്രാഥമിക മേഖല (കൃഷി) -17.4%

ദ്വിതീയ മേഖല (വ്യവസായം) - 25.8%

തൃതീയ മേഖല (സേവനം) 56.8.%

ഇന്ത്യൻ സമ്പദ് ഘടനയിൽ ഏറ്റവും അതികം വരുമാനം ലഭിക്കുന്നത് തൃതീയ മേഖലയിൽ നിന്നാണ്.

**ഇന്ത്യയുടെ വന്ദ്യ വയോധികൻ**

*ദാദബായി നവറോജി*

ഇന്ത്യൻ സാമ്പത്തികശാസ്ത്രത്തിന്റെ പിതാവ് - **ദാദബായി നവറോജി**

സാമ്പത്തിക ചോർച്ച സിദ്ധാന്തം (Economic Drain Theory) ഉൾപ്പെട്ടിരിക്കുന്ന നവറോജിയുടെ

പ്രശസ്തകൃതി - **പോവർട്ടി ആന്റ് അൺബ്രിട്ടീഷ് റൂൾ ഇൻ ഇന്ത്യ.**

ദാദബായി നവറോജിയുടെ പ്രസിദ്ധീകരിച്ച ദ്വൈവാരിക - **രസത്ഗോഫ്താർ (The Truth Teller)**

ദാദബായി നവറോജിയുടെ പ്രസിദ്ധീകരിച്ച പത്രം - **വോയ്സ് ഓഫ് ഇന്ത്യ**

### ദേശീയവരുമാനം

- ഒരു വർഷം ഒരു രാജ്യത്ത് മൊത്തം ഉത്പാദിപ്പിക്കപ്പെടുന്ന സാധനങ്ങളുടെയും സേവനങ്ങളുടെയും ആകെത്തുകയാണ് ദേശീയ വരുമാനം. മൂന്നു മേഖലയിൽ നിന്നുള്ള സംഭാവനകളും ദേശീയവരുമാനത്തിൽ ഉൾപ്പെടുന്നു.
- **Poverty and Unbritish Rule in India** എന്ന തന്റെ കൃതിയിൽ **ദാദാബായി നവറോജി** ആണ് ആദ്യമായി ഇന്ത്യയുടെ **ദേശീയവരുമാനം** കണക്കാക്കിയത്.
- Dr. V.K.R. Rao ആണ് ശാസ്ത്രീയമായരീതിയിൽ ദേശീയവരുമാനം കണക്കാക്കാനുള്ള ആദ്യശ്രമം നടത്തിയത്.

- **P.C. മഹലാനോബിസ്** ആണ് സ്വാതന്ത്ര്യത്തിനുശേഷം ഔദ്യോഗികമായി ഇന്ത്യയുടെ ദേശീയവരുമാനം ആദ്യമായി കണക്കാക്കിയത്.
- ഇപ്പോൾ **Central Statistical Organisation (CSO)** ആണ് ഇന്ത്യയുടെ ദേശീയവരുമാനം കണക്കാക്കുന്നത്.
- CSO യുടെ ആസ്ഥാനം **ഡൽഹി** ആണ്
- **ആളോഹരി വരുമാനം**
- ഒരു രാജ്യത്തിന്റെ സാമ്പത്തികവളർച്ചയുടെ ഏറ്റവും നല്ല സൂചിക ആളോഹരി വരുമാനം ആണ്.
- ആളോഹരി വരുമാനം = $\frac{\text{ദേശീയ വരുമാനം}}{\text{ജനസംഖ്യ}}$

| |
|---|
| **P.C. Mahalanobis** |
| സ്വതന്ത്ര ഇന്ത്യയുടെ ദേശീയ വരുമാനം ആദ്യമായി കണക്കാക്കിയത് - **പി.സി മഹലാനോബിസ്** |
| ഇന്ത്യൻ ബജറ്റിന്റെ പിതാവ് - **പി.സി. മഹലാനോബിസ്** |
| Central Statistical Organisation ന്റെ രൂപീകരണത്തിൽ മുഖ്യ പങ്കുവഹിച്ചത് - **പി.സി. മഹലാനോ ബിസ്** |
| ഇന്ത്യൻ സ്ഥിതിവിവരശാസ്ത്രത്തിന്റെ പിതാവ് - **പി.സി. മഹലാനോബിസ്** |
| ഇന്ത്യൻ സ്റ്റാറ്റിസ്റ്റിക്സ് ദിനം - **June 29** ( മഹലാനോബിസിന്റെ ജന്മദിനം) |

**മൊത്തം ദേശീയോൽപാദനം (GNP)**

ഒരു രാജ്യത്ത് ഒരു വർഷം ഉത്പാദിപ്പിക്കുന്ന എല്ലാ ആന്തിമസാധനങ്ങളുടെയും സേവനങ്ങളുടെയും പണാത്മക മൂല്യത്തിന്റെ ആകെത്തുകയാണ് GNP (Gross National Product).

**മൊത്തം ഗാർഹിക ഉത്പാദനം (GDP)**

ഒരു രാജ്യത്തിന്റെ ആഭ്യന്തര അതിർത്തിക്കുള്ളിൽ ഒരു വർഷം ഉല്പാദിപ്പിക്കുന്ന എല്ലാ അന്തിമ സാധനങ്ങളുടെയും സേവനങ്ങളുടെയും ആകെത്തുകയാണ് GDP (Gross Domestic Product)

- ജനകീയാസൂത്രണം (Peoples Plan) **M.N.Roy** യുടെ ആശയമായിരുന്നു (1945)
- **സർവ്വോദയ** പദ്ധതിയുടെ ഉപജ്ഞാതാവ് - **ജയപ്രകാശ് നാരായൺ**

Career Focus

**ഹിന്ദു റേറ്റ് ഓഫ് ഗ്രോത്ത്**

1950-80 കാലയളവിൽ ഇന്ത്യൻ സമ്പദ്‌വ്യവസ്ഥയുടെ ശരാശരി വളർച്ചാനിരക്ക് 3.5% ആയിരുന്നു. ഈ വളർച്ചാ നിരക്കിനെ ഹിന്ദു വളർച്ചാനിരക്ക് എന്ന പദം കൊണ്ട് വിശേഷിപ്പിച്ചിരുന്നു Hindu rate of growth എന്ന പദം ആദ്യമായി ഉപയോഗിച്ചത് **രാജ്കൃഷ്ണ** ആണ്.

**ആസൂത്രണം -ഇന്ത്യയിൽ**

- ഇന്ത്യൻ ആസൂത്രണത്തിന്റെ പിതാവ് **എം. വിശ്വേശരയ്യ** ആണ്. അദ്ദേഹം തന്നെയാണ് **ഇന്ത്യൻ എൻജിനീയറിംങ്ങിന്റെ പിതാവ്** എന്നും അറിയപ്പെടുന്നത്)
- എം. വിശ്വേശരയ്യയുടെ പ്രസിദ്ധകൃതി ആണ് **Planned Economy of India**
- ഇന്ത്യൻ ഭരണഘടനയിലെ **മാർഗ്ഗനിർദ്ദേശക തത്വങ്ങളിലെ 39-ാം വകുപ്പ്** അനുസരിച്ച് നിലവിൽ വന്ന ഒരു **ഉപദേശകസമിതി** ആണ് ആസൂത്രണ കമ്മീഷൻ
- ആസൂത്രണം ഉൾപ്പെടുന്നത് **യൂണിയൻ ലിസ്റ്റിലാണ്**
- **1950 March 15th** നാണ് ആസൂത്രണകമ്മീഷൻ നിലവിൽ വന്നത്.
- ആസ്ഥാനം ന്യൂഡൽഹിയിലെ **യോജനാ ഭവൻ**
- ആസൂത്രണകമ്മീഷൻ ദേശീയവികസനത്തിന്റെ ആണിക്കല്ല് എന്ന് അറിയപ്പെടുന്നു.
- ആസൂത്രണകമ്മീഷൻ ചെയർമാൻ **പ്രധാനമന്ത്രി** ആണ്
- ആദ്യ ചെയർമാൻ **ജവഹർലാൽ നെഹ്റു** ആയിരുന്നു.
- ആദ്യത്തെ ഡെപ്യൂട്ടി ചെയർമാൻ - **ഗുൽസാരിലാൽ നന്ദ**
- സാമ്പത്തിക ആസൂത്രണം എന്ന ആശയം കടംകൊണ്ടത് **സോവിയറ്റ് റഷ്യയിൽ** നിന്നാണ്.

- **പഞ്ചവത്സരപദ്ധതി** ഇന്ത്യയിൽ തുടങ്ങിയതും **സോവിയറ്റ് റഷ്യ**യിൽ നിന്ന് പ്രചോദനമുൾക്കൊണ്ടാണ്.
- ആദ്യമായി **പഞ്ചവത്സരപദ്ധതി നടപ്പിലാക്കിയ ഭരണാധികാരി - ജോസഫ് സ്റ്റാലിൻ**

## National Development Council

- **1952 August 6** നാണ് NDC സ്ഥാപിതമായത്.
- Planning commission ഒരു ഭരണഘടനാസ്ഥാപനമോ സ്റ്റാറ്റ്യൂട്ടറി ബോഡിയോ അല്ല അതുപോലെതന്നെ NDC യും ഭരണഘടന സ്ഥാപനമോ സ്റ്റാറ്റ്യൂട്ടറി ബോഡിയോ അല്ല.
- NDC സ്ഥാപിച്ചത് പഞ്ചവത്സരപദ്ധതികൾക്ക് അംഗീകാരം നൽകുന്നതിനുവേണ്ടിയാണ്
- NDC യുടെ അധ്യക്ഷൻ **പ്രധാനമന്ത്രി** ആണ്.
- ആസൂത്രണ കമ്മീഷന്റെ Secretary തന്നെയാണ് NDC യുടെ സെക്രട്ടറി.

### പഞ്ചവത്സരപദ്ധതികൾ

**ഒന്നാം പഞ്ചവത്സരപദ്ധതി (1951 - 56)**

- 1951-ൽ ഒന്നാം പഞ്ചവത്സരപദ്ധതി അവതരിപ്പിച്ചത് - **ജവഹർലാൽ നെഹ്രു**
- ഒന്നാം പദ്ധതി ഊന്നൽ നൽകിയത് - **കൃഷി**
- ഒന്നാം പഞ്ചവത്സരപദ്ധതി രൂപകല്പന ചെയ്ത മാതൃക - **ഹാരോഡ്-ദോമാർ** മാതൃക
- **2.1%** വാർഷിക വളർച്ചയാണ് ലക്ഷ്യം വച്ചതെങ്കിലും **3.6%** വളർച്ച കൈവരിക്കാൻ സാധിച്ചു.
- **ഭക്രാനംഗൽ, ഹിരാക്കുഡ്** എന്നിവയുടെ നിർമ്മാണമാരംഭിച്ചതും **ദാമോദർവാലി** പദ്ധതി തുടങ്ങിയതും ഒന്നാം പഞ്ചവത്സരപദ്ധതിയുടെ കാലത്താണ്.
- 1953ൽ **യുജിസി** (യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മിഷൻ) ഔദ്യോഗികമായി ഉദ്ഘാടനം ചെയ്തു. **1956** ലാണ് യുജിസി സ്ഥാപിതമായത്.
- അഞ്ച് **ഐഐടികൾ** (Indian Institute of Technology) സ്ഥാപിച്ചതും ഒന്നാം പദ്ധതിക്കാലത്താണ്.
- ഒന്നാം പഞ്ചവത്സരപദ്ധതിയുടെ നടത്തിപ്പിൽ പ്രധാന പങ്കുവഹിച്ച മലയാളി **കെ.എൻ.രാജ്** ആയിരുന്നു.

Career Focus

**രണ്ടാം പഞ്ചവത്സരപദ്ധതി (1956 - 61)**

- രണ്ടാം പദ്ധതിയിൽ പ്രാധാന്യം നൽകിയത് വ്യവസായവൽക്കരണത്തിനാണ്. അതുകൊണ്ട് **വ്യവസായികപദ്ധതി** എന്നും അറിയപ്പെടുന്നു.

  ലക്ഷ്യം വച്ച വളർച്ചാ നിരക്ക് - **4.5%**

  കൈവരിച്ചത് - **4.27%**

- ഈ പദ്ധതി **മഹലാനോബിസ് മോഡൽ** എന്നറിയപ്പെടുന്നു. മഹലാനോബിസ് രണ്ടാം പഞ്ചവത്സരപദ്ധതിയുടെ പിതാവ് എന്ന് വിശേഷിപ്പിക്കപ്പെടുന്നു.
- ഇരുമ്പുരുക്കു ശാലകളായ **ദുർഗ്ഗാപ്പൂർ, ഭിലായ്, റൂർക്കേല** എന്നിവ സ്ഥാപിച്ചത് 2-ാം പദ്ധതിക്കാലത്താണ്.

| **ഇരുമ്പുരുക്കുശാല** | **സ്ഥലം** | **നിർമ്മാണത്തിൽ സഹായിച്ച രാജ്യം** |
|---|---|---|
| ദുർഗ്ഗാപ്പൂർ | വെസ്റ്റ് ബംഗാൾ | ബ്രിട്ടൻ |
| ഭിലായ് | ഛത്തീസ്ഗഢ് | റഷ്യ |
| റൂർക്കേല | ഒറീസ | ജർമ്മനി |

**മൂന്നാം പഞ്ചവത്സരപദ്ധതി (1961 -66)**

- മൂന്നാം പദ്ധതി **ഗാഡ്ഗിൽ പ്ലാൻ** എന്നാണ് അറിയപ്പെടുന്നത്.
- ലക്ഷ്യം വച്ച വളർച്ചാ നിരക്ക് 5.6% ആണെങ്കിലും നേടിയത് 2.4% ആയിരുന്നു.
- ഭക്ഷ്യസ്വയം പര്യാപ്തതയ്ക്ക് ഊന്നൽ നൽകിയ പദ്ധതി ആയിരുന്നു ഇത്. പക്ഷേ രണ്ടുയുദ്ധങ്ങൾ മൂലം ഫലപ്രാപ്തി കൈവരിക്കാത്ത പദ്ധതിയാണ് 3-ാം പദ്ധതി.
- 1962ലെ **ഇൻഡ്യാ-ചൈനാ യുദ്ധവും** 1965 -66 ലെ **ഇൻഡ്യാ-പാക്കിസ്ഥാൻ യുദ്ധവും** മൂന്നാം പദ്ധതിക്കു വിഘാതമായി.
- 1964 ൽ റഷ്യൻ സഹായത്തോടെ **ബൊക്കാറോ സ്റ്റീൽ പ്ലാന്റ്** സ്ഥാപിച്ചു.

- **1966 മുതൽ 69** വരെ പ്ലാൻ അവധി (Plan Holidays) ആയി പ്രഖ്യാപിക്കപ്പെട്ടു.
- 1966-67 കാലഘട്ടത്തിൽ ഭക്ഷ്യ പ്രതിസന്ധി മറികടക്കാനായി **ഹരിതവിപ്ലവം** ആരംഭിച്ചു.
- ഹരിതവിപ്ലവത്തിന്റെ പിതാവ് - **നോർമൻ ബോർലോഗ്**
- ഇന്ത്യൻ ഹരിതവിപ്ലവത്തിന്റെ പിതാവ് - **എം. എസ്. സ്വാമിനാഥൻ**
- **ഗോതമ്പ്** ഉത്പാദനത്തിനാണ് ഹരിതവിപ്ലവം ഊന്നൽ നൽകിയത്.

### നാലാം പഞ്ചവത്സരപദ്ധതി (1969-74)

- ദുർബലവിഭാഗങ്ങളുടെ ഉന്നമനത്തിനാണ് 4-ാം പദ്ധതി ഊന്നൽ നൽകിയത്.
- 1971 -ലെ ഇന്തോ-പാക്ക് യുദ്ധവും ബംഗ്ലാദേശിൽ നിന്നുള്ള അഭയാർത്ഥി പ്രവാഹവും ഈ പദ്ധതിയുടെ വിജയത്തിനു വിഘാതമായി.
- ലക്ഷ്യമിട്ട വളർച്ചാനിരക്ക് 5.6% ആയിരുന്നെങ്കിലും 3.3% മാത്രം വളർച്ചയേ കൈവരിക്കാൻ സാധിച്ചുള്ളൂ.
- 1969ൽ **Monopolies & Restrictive Trade practics Act (MRTP)** പാസ്സാക്കിയത് 4-ാം പദ്ധതിക്കാലത്താണ്.
- ഇന്ദിരഗാന്ധി ഗവൺമെന്റ് **1969** ൽ **14** പ്രധാന ബാങ്കുകളെ ദേശസാൽക്കരിച്ചു.
- ഇന്ത്യ ആദ്യത്തെ ന്യൂക്ലിയർ ബോംബ് പരീക്ഷണം നടത്തിയത് ഈ പദ്ധതിക്കാലത്ത് (1974) ആയിരുന്നു. (Smiling Budda എന്നായിരുന്നു ഈ ന്യൂക്ലിയർ പരീക്ഷണത്തിന്റെ കോഡ്)
- ആദ്യ ന്യൂക്ലിയർ പരീക്ഷണം നടന്ന സ്ഥലം - **പൊഖ്റാൻ (രാജസ്ഥാൻ)**

### അഞ്ചാം പഞ്ചവത്സര പദ്ധതി (1974 -79)

- ലക്ഷ്യം വച്ച വളർച്ചാനിരക്ക് 4.4% ആണെങ്കിലും നേടിയ വളർച്ചാനിരക്ക് 5% ആയിരുന്നു.
- തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും ദാരിദ്ര്യനിർമ്മാർജ്ജനത്തിനും ആണ് അഞ്ചാം പദ്ധതി പ്രാധാന്യം നൽകിയത്.
- ദാരിദ്ര്യ നിർമാർജ്ജനത്തിനായി ശ്രീമതി ഇന്ദിരാഗാന്ധി **1975ൽ ഇരുപതിന പരിപാടികൾ** നടപ്പിലാക്കിയത് 5-ാം പദ്ധതിക്കാലത്താണ്.
- **'ഗരീബി ഹഠാവോ'** എന്ന മുദ്രാവാക്യം ഇന്ദിരാഗാന്ധി മുഴക്കിയത് അഞ്ചാം പദ്ധതിക്കാലത്താണ്
- നാഷണൽ ഹൈവേ സമ്പ്രദായത്തിന് തുടക്കമിട്ടത് ഈ പദ്ധതിക്കാലത്താണ്.
- അടിയന്തിരാവസ്ഥ പ്രഖ്യാപനവും തുടർന്നുണ്ടായ രാഷ്ട്രീയമാറ്റങ്ങളും 5-ാം പദ്ധതിയുടെ നടത്തിപ്പിന് തടസ്സമായി.
- പ്ലാൻ കാലാവധിക്ക് ഒരു വർഷം മുൻപേ ജനതാ ഗവൺമെന്റ് ഭരണത്തിലെത്തുകയും പ്രധാനമന്ത്രി മൊറാർജി ദേശായി പ്ലാൻ അവസാനിപ്പിച്ച് **റോളിങ്ങ് പ്ലാൻ (1978 -80)** കൊണ്ടുവരികയും ചെയ്തു

### റോളിങ്ങ് പ്ലാൻ

- റോളിങ്ങ് പ്ലാൻ എന്ന ആശയം തന്റെ പ്രശസ്തകൃതിയായ **'ഏഷ്യൻ ഡ്രാമ'**യിലൂടെ മുന്നോട്ടു വച്ചത് **ഗുന്നാർ മിർഡേൽ** ആയിരുന്നു.
- റോളിങ്ങ് പ്ലാൻ നടപ്പിലാക്കിയ ആദ്യരാജ്യം **സ്വീഡൻ** ആയിരുന്നു.

### ആറാം പഞ്ചവത്സര പദ്ധതി (1980 -85)

- ദാരിദ്ര്യനിർമാർജനമായിരുന്നു 6-ാം പദ്ധതിയുടെ ലക്ഷ്യം
- ലക്ഷ്യമിട്ട വളർച്ചാനിരക്ക് - **5.2%**
- കൈവരിച്ചത് **-5.4%**
- 'ഓരോ കുട്ടിയ്ക്കും ഒരു മരം' എന്ന പദ്ധതി തുടങ്ങിയത് ആറാം പദ്ധതിക്കാലത്താണ്.
- കൃഷിയുടെയും ഗ്രാമീണമേഖലയുടെയും വികസനം ലക്ഷ്യമാക്കി നബാർഡ് (National Bank for Agricultural and Rural Development) സ്ഥാപിച്ചു. **1982** ജൂലായ് 12 നാണ് നബാർഡ് സ്ഥാപിതമായത്. **ശിവരാമൻ കമ്മിറ്റി**യുടെ നിർദ്ദേശപ്രകാരമാണ് നബാർഡ് സ്ഥാപിക്കപ്പെട്ടത്.
- ഗ്രാമങ്ങളിൽ സ്ത്രീകളുടെയും കുട്ടികളുടെയും വികസനം ലക്ഷ്യമാക്കി Development of women and children in rural area (DWCRA) എന്ന പദ്ധതി ആരംഭിച്ചതും ആറാം പദ്ധതിക്കാലത്താണ്.

Career Focus

**ഏഴാം പഞ്ചവത്സരപദ്ധതി (1985–90)**

- തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കൽ ഭക്ഷ്യധാന്യ ഉൽപാദനവർദ്ധന ആധുനികവൽക്കരണം, സാമൂഹികനീതി എന്നിയ്ക്കാണ് ഏഴാം പദ്ധതി പ്രാധാന്യം നൽകിയത്.
- ലക്ഷ്യമിട്ട വളർച്ചാനിരക്ക് 5%
- കൈവരിച്ചത് 6.1%
- ഇന്ത്യൻ വാർത്താവിനിമയരംഗം വൻ പുരോഗതി കൈവരിച്ചത് ഏഴാം പദ്ധതിക്കാലത്തായിരുന്നു.
- അന്നത്തെ പ്രധാനമന്ത്രി രാജീവ്ഗാന്ധിയുടെ സാങ്കേതിക ഉപദേഷ്ടാവ് **സാം പിത്രോഡ** ആണ് വാർത്തവിനിമയ ഗതാഗത രംഗത്തെ പുരോഗമനപ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയത്.

**വാർഷിക പദ്ധതികൾ (1990–92)**

കേന്ദ്രത്തിൽ നിലനിന്നിരുന്ന രാഷ്ട്രീയ അനിശ്ചിതത്വം മൂലം 1990 – 91 വരെയും, 1991 –92 വരെയും വാർഷിക പദ്ധതികളാണ് നടപ്പിലാക്കിയത്.

**എട്ടാം പഞ്ചവത്സരപദ്ധതി (1992–97)**

- **റാവു – മൻമോഹൻ** മാതൃക എന്ന് അറിയപ്പെടുന്ന പദ്ധതിയാണ് എട്ടാം പഞ്ചവത്സരപദ്ധതി.
- ഉദാരസമ്പദ്‌വ്യവസ്ഥ ലക്ഷ്യമാക്കുന്ന **ജോൺമില്ലർ** മാതൃകയിലാണ് എട്ടാം പഞ്ചവത്സരപദ്ധതി ആസൂത്രണം ചെയ്തത്.
- അടിസ്ഥാനലക്ഷ്യം മനുഷ്യവികസനം (Human development) ആയിരുന്നു.
- നരസിംഹറാവു ഗവൺമെന്റ് പുത്തൻ സാമ്പത്തിക പരിഷ്ക്കാരം (New Economic Policy) നടപ്പിലാക്കിയത് ഈ പദ്ധതിക്കാലത്താണ്.
- ലക്ഷ്യം വച്ച വളർച്ചാ നിരക്ക് – **5.6%**
- കൈവരിച്ചത് – **6.8%**
- കടുത്ത സാമ്പത്തിക പ്രതിസന്ധിയിലായിരുന്ന രാജ്യത്തെ സാമ്പത്തിക സുരക്ഷയിലേയ്ക്ക് കൊണ്ടുവരാനുള്ള ശ്രമങ്ങൾ ഫലപ്രാപ്തമാക്കാൻ ഈ പദ്ധതി വഴിയൊരുക്കി.
- ഈ പദ്ധതിക്കാലത്താണ് ഉദാരവൽക്കരണം, സ്വകാര്യവൽക്കരണം, ആഗോളവൽക്കരണം (LPG) എന്നിവ ഇന്ത്യയിൽ ആരംഭിച്ചത്.
- 1992 ൽ മുബൈയിൽ നാഷണൽ സ്റ്റോക്ക് എക്സ്ചേയ്ഞ്ച് (NSE) നിലവിൽവന്നു
- **1995 ജനുവരി ഒന്നിന്** ഇന്ത്യ ലോകവ്യാപാരസംഘടനയിൽ (WTO) അംഗമായി
- WTO യുടെ പഴയ പേര് – GATT (General Agreement on Trade and Tariff)

**പുത്തൻ സാമ്പത്തികനയം (New Economic Policy)**

- 1991 പി.വി. നരസിംഹറാവു ആണ് പുത്തൻ സാമ്പത്തികനയം ഇന്ത്യയിൽ നടപ്പിലാക്കിയത്.
- ഡോ. മൻമോഹൻസിങ്ങ് ആയിരുന്നു അന്നത്തെ ധനകാര്യമന്ത്രി.
- **ഉദാരവൽക്കരണം** (Liberalization) - **വ്യാപാരങ്ങളുടെ മേൽ ഉള്ള ഗവൺമെന്റ് നിയന്ത്രണങ്ങളിൽ അയവുവരുത്തുന്ന നയം**
- **സ്വകാര്യവൽക്കരണം** (Privatization) - **വ്യവസായങ്ങളിൽ സ്വകാര്യ പങ്കാളിത്തം കൂട്ടുന്ന നയം**
- **ആഗോളവൽക്കരണം** (Globalization) - **ഇന്ത്യൻ സാമ്പത്തിക വ്യവസ്ഥയെ ആഗോളസമ്പദ് വ്യവസ്ഥയുടെ ഭാഗമായി കാണുന്ന നയം**

**ഒമ്പതാം പഞ്ചവത്സരപദ്ധതി (1997–2002)**

- എ.ബി. വാജ്പേയി ആയിരുന്നു ഒമ്പതാം പഞ്ചവത്സരപദ്ധതിക്കാലത്തെ പ്രധാനമന്ത്രി.
- ഈ പദ്ധതി ജനകീയ പദ്ധതി എന്ന് അറിയപ്പെടുന്നു
- **സ്ത്രീ ശാക്തികരണം** ഈ പദ്ധതിയുടെ പ്രധാനലക്ഷ്യമായിരുന്നു (1999ൽ ഇതിന്റെ ഭാഗമായാണ് കുടുംബശ്രീ ആരംഭിച്ചത്)
- ലക്ഷ്യമിട്ടവളർച്ചാനിരക്ക് – **6.5%**
- കൈവരിച്ചത് – **5.4%**
- 1999 ൽ കാർഗിൽയുദ്ധം നടന്നത് 9–ാം പദ്ധതിക്കാലത്താണ്.

Career Focus

### പത്താം പഞ്ചവത്സരപദ്ധതി (2002-2007)

- സാമൂഹികസമത്വത്തിലും നീതിയിലും അധിഷ്ഠിതമായി പുരോഗതി കൈവരിക്കുക എന്നതായിരുന്നു ഈ പദ്ധതിയുടെ ലക്ഷ്യം.
- ലക്ഷ്യമിട്ടവളർച്ചാനിരക്ക് - 8.1%
- കൈവരിച്ചത് - 7.7%

### പതിനൊന്നാം പഞ്ചവത്സരപദ്ധതി (2007-2012)

- **എല്ലാവരേയും ഉൾക്കൊള്ളിച്ചുകൊണ്ടുള്ള വളർച്ച (Inclusive Growth)** എന്നതായിരുന്നു പതിനൊന്നാം പദ്ധതിയുടെ പ്രഖ്യാപിതലക്ഷ്യം. ദാരിദ്ര്യം 10% ആയി കുറയ്ക്കുക 7 കോടി തൊഴിലവസരങ്ങൾ സൃഷ്ടിക്കു I, ജനസംഖ്യവളർച്ചാനിരക്ക് കുറയ്ക്കുക എന്നിവയും പദ്ധതി ലക്ഷ്യമിട്ടു
- ലക്ഷ്യമിട്ടവളർച്ചാനിരക്ക് - 9%
- കൈവരിച്ചത് - 7.9%

### പന്ത്രണ്ടാം പഞ്ചവത്സരപദ്ധതി (2012-2017)

- **സുസ്ഥിരവികസനം (Sustainable development) ത്വരിതഗതിയിലുള്ള വളർച്ച** (Faster Growth) **എല്ലാവരേയും ഉൾക്കൊള്ളിച്ചുകൊണ്ടുള്ള വളർച്ച (Inclusive Growth)** എന്നിവയാണ് പന്ത്രണ്ടാം പദ്ധതിയുടെ ലക്ഷ്യങ്ങൾ
- ലക്ഷ്യമിട്ടവളർച്ചാനിരക്ക് - **8%**
- സ്കൂളുകളിൽ 2016-2017 ഓടെ സാമൂഹിക-ലിംഗ സമത്വം ഉറപ്പുവരുത്തുക എന്നതും പദ്ധതിയുടെ ലക്ഷ്യമാണ്.

| സാമ്പത്തികരംഗത്തെ പ്രശസ്തകൃതികൾ | | |
|---|---|---|
| വെൽത്ത് ഓഫ് നേഷൻസ് | - | ആഡംസ്മിത്ത് |
| ദാസ് ക്യാപിറ്റൽ | - | കാൾമാർക്സ് |
| കമ്മ്യൂണിസ്റ്റ് മാനിഫെസ്റ്റോ | - | മാർക്ക്സ്, ഏംഗൽസ് |
| ജനറൽ തിയറി ഓഫ് എംപ്ലോയ്മെന്റ് | - | ജെ. എം. കെയിൻസ് |
| ഇൻട്രസ്റ്റ് ആന്റ് മണി | - | ജെ. എം. കെയിൻസ് |
| പോവർട്ടി ആന്റ് അൺബ്രിട്ടീഷ് റൂൾ ഇൻ ഇന്ത്യ | - | ദാദാബായി നവ്റോജി |
| ഏഷ്യൻ ഡ്രാമ | - | ഗുന്നാർ മിർഡേൽ |
| പോവർട്ടി ആന്റ് ഫാമിൻ | - | അമർത്യ സെൻ |
| ഡെവലപ്മെന്റ് ആസ് ഫ്രീഡം | - | അമർത്യ സെൻ |
| റാഷണാലിറ്റി ആന്റ് ഫ്രീഡം | - | അമർത്യ സെൻ |
| ചോയ്സ് ഓഫ് ടെക്നിക് | - | അമർത്യ സെൻ |
| ആൻ ആർഗ്യുമെന്റേറ്റീവ് ഇൻഡ്യൻ | - | അമർത്യ സെൻ |
| കമ്മോഡിറ്റീസ് ആന്റ് കേപ്പബിലിറ്റീസ് | - | അമർത്യ സെൻ |
| ദി സ്റ്റാൻഡേർഡ് ഓഫ് ലിവിങ്ങ് | - | അമർത്യ സെൻ |
| ദി ഗ്രേറ്റ് അൺ റാവലിങ്ങ് | - | പോൾ ക്രൂഗ്മാൻ |
| സർവൈവിങ്ങ് ദി ഗ്രേറ്റ് ഡിപ്രഷൻ ഓഫ് 1990 | - | രവി ബത്ര |
| ദ അഫ്ളുവന്റ് സൊസൈറ്റി | - | ജെ.കെ ഗാൽബ്രൈത് |
| ദ ഗ്രെയിറ്റ് ക്രാഷ് 1929 | - | ജെ.കെ ഗാൽബ്രൈത് |
| ഫ്യൂച്ചർ ഷോക്ക് | - | ആൽവിൻ ടോഫ്ളർ |
| തെർഡ് വേവ് | - | ആൽവിൻ ടോഫ്ളർ |

Career Focus

### പഞ്ചവത്സരപദ്ധതികൾ

ഒന്നാം പദ്ധതി - 1951-56

രണ്ടാം പദ്ധതി - 1956-61

മൂന്നാം പദ്ധതി - 1961–66

1966 –69 വാർഷിക പദ്ധതി

നാലാം പദ്ധതി - 1969 –74

അഞ്ചാം പദ്ധതി - 1974–79

1978 – 80 വാർഷിക പദ്ധതി (റോളിങ്ങ് പ്ലാൻ)

ആറാം പദ്ധതി - 1980–85

ഏഴാം പദ്ധതി - 1985 –90

1990 – 92 വാർഷിക പദ്ധതി

എട്ടാം പദ്ധതി - 1992–97

ഒമ്പതാം പദ്ധതി - 1997 –2002

പത്താം പദ്ധതി - 2002 – 2007

പതിനൊന്നാം പദ്ധതി - 2007 – 2012

പന്ത്രണ്ടാം പദ്ധതി - 2012 –2017

**നിതി ആയോഗ്**

- ആസൂത്രണത്തിനുവേണ്ടി പ്ലാനിംഗ് കമ്മിഷനുപകരം നിലവിൽ വന്ന സംവിധാനം – **നിതി ആയോഗ്**
  NITI Aayog (National Institute for Transforming India)
- നിതി ആയോഗ് **2015 ജനുവരി ഒന്നിന്** നിലവിൽ വന്നു
- നിതി ആയോഗിന്റെ ആദ്യ സമ്മേളനം നടന്നത് 2015 ഫെബ്രുവരി 8നാണ്.
- നിതി ആയോഗിന്റെ അധ്യക്ഷൻ – **പ്രധാനമന്ത്രി.**

**ഗവേണിങ്ങ് കൗൺസിൽ**

- നാഷണൽ ഡവലപ്മെന്റ് കൗൺസിലിനു പകരമായി രൂപം കൊണ്ട സംവിധാനം
- പ്രധാനമന്ത്രി അധ്യക്ഷനായ ഗവേണിങ്ങ് കൗൺസിലിൽ സംസ്ഥാന മുഖ്യമന്ത്രിമാരും, കേന്ദ്രഭരണ പ്രദേശങ്ങളിലെ ലഫ്റ്റനന്റ് ഗവർണർമാരും അംഗങ്ങളാണ്.

Career Focus

**പ്രാദേശിക കൗൺസിൽ**

- അതാത് പ്രദേശങ്ങളിലെ മുഖ്യമന്ത്രിമാരും യുടികളിലെ ഭരണകർത്താക്കളും ഉൾപ്പെടും.
- നിതി ആയോഗിന്റെ പ്രഥമ അധ്യക്ഷൻ – **നരേന്ദ്രമോദി**
- നിതി ആയോഗിന്റെ പ്രഥമ ഉപാധ്യക്ഷൻ – **അരവിന്ദ പനഗാരിയ**
- നിതി ആയോഗിന്റെ പ്രഥമ സി.ഇ.ഒ – **സിന്ധു ശ്രീ ഖുള്ളർ**
- നിതി ആയോഗിന്റെ പ്രഥമ നിലവിലെ സി.ഇ.ഒ – **അമിതാഭ് കാന്ത്**
- നിതി ആയോഗിന്റെ മുഴുവൻ സമയ അംഗങ്ങൾ
  1. **ബിബേക് ദബ്രോയ്**
  2. **വി.കെ. സാരസ്വത്**
  3. **രമേശ് ചന്ദ്**

**കറൻസികൾ**

- ലോകത്ത് ആദ്യമായി പേപ്പർ കറൻസികൾ വന്നത് ചൈനയിൽ ആണ്.
- ഇന്ത്യയിൽ ബ്രിട്ടീഷുകാരാണ് പേപ്പർ കറൻസികൾ കൊണ്ടുവന്നത്.
- ഇന്ത്യയിൽ റുപ്പി സമ്പ്രദായം കൊണ്ടുവന്നത് – **ഷേർഷാ സൂരി**
- ഇന്ത്യൻ കറൻസി അച്ചടിയുടെ മേൽനോട്ടം വഹിക്കുന്നത് – **റിസർവ് ബാങ്ക് ഓഫ് ഇന്ത്യ**
- ഇന്ത്യൻ കറൻസി ദശാംശസമ്പ്രദായം നടപ്പിലാക്കിയത് – **1957**
- ഒരു രൂപ നോട്ടുകളിൽ ഒപ്പിടുന്നത് – **കേന്ദ്ര ധനകാര്യ സെക്രട്ടറി**
- മറ്റു കറൻസികളിൽ ഒപ്പിടുന്നത് – **റിസർവ് ബാങ്ക് ഗവർണർ**

- മഹാത്മഗാന്ധി സീരിസ് ആരംഭിച്ചത് - **1996**
- പേപ്പർ കറൻസി ആക്ട് നിലവിൽ വന്ന വർഷം - **1861**
- കറൻസിയിൽ ഒരു വശത്ത് ഇംഗ്ലീഷിലും ഹിന്ദിയിലും, മറുവശത്ത് പതിനഞ്ച് ഇന്ത്യൻ ഭാഷകളിലുമായി മൂല്യം രേഖപ്പെടുത്തിയിരിക്കുന്നു. (മൊത്തം 17 ഭാഷകൾ)
- രൂപയിൽ രേഖപ്പെടുത്തിയിട്ടുള്ള ആദ്യഭാഷ ആസ്സാമീസും അവസാന ഭാഷ ഉർദുവുമാണ്.
- മലയാളം 7-ാമത്തെ സ്ഥാനത്താണ്.
- രൂപയിലുള്ള ഒരേയൊരു വിദേശഭാഷ നേപ്പാളിയാണ്
- ഇന്ത്യൻ രൂപ ഭൂട്ടാനിലും നേപ്പാളിലും അംഗീകൃതമാണ്.
- ഇന്ത്യയിൽ നിലവിലുണ്ടായിരുന്ന 500, 1000 നോട്ടുകൾ പിൻവലിച്ച ദിവസം - **നവംബർ 8, 2016**

**നാണയങ്ങളുടെ ചരിത്രം**

- ഇന്ത്യയിലാദ്യമായ് സ്വർണ്ണനാണയങ്ങൾ പുറത്തിറക്കിയത് - **കുശാനന്മാർ**
- ഷേർഷാ പുറത്തിറക്കിയ നാണയം - **റുപയ**
- ആദ്യമായി ടോക്കൺകറൻസി പുറത്തിറക്കിയത് - **മുഹമ്മദ് ബിൻ തുഗ്ളക്ക്**
- ഇൽത്തുമിഷ് ഇറക്കിയ ചെമ്പുനാണയം - **ജിത്താൾ**
- ഇൽത്തുമിഷ് ഇറക്കിയ വെള്ളിനാണയം - **തങ്ക**
- കേരളത്തിൽ നിലനിന്നിരുന്ന ഏറ്റവും പഴക്കമുള്ള നാണയം രാശി ആണ്.
- 1000 രൂപാ നാണയമാണ് ഇന്ത്യയിൽ ഇറക്കിയ ഏറ്റവും മൂല്യമുള്ള നാണയം
- ഇന്ത്യൻ രൂപയുടെ പുതിയ ചിഹ്നം 2010 ജൂലായ് 15 നാണ് ഔദ്യോഗികമായി സ്വീകരിച്ചത്.
- ദേവനാഗരി ലിപിയും ലാറ്റിൻ ലിപിയും സംയുക്തമായി പുതിയ ചിഹ്നത്തിൽ ഉണ്ട്
- തമിഴ്നാട് സ്വദേശി **ഡി.ഉദയകുമാർ** ആണ് ഇന്ത്യൻ രൂപയുടെ ചിഹ്നം രൂപകല്പന ചെയ്തത്.
- സ്വന്തം ചിഹ്നമുള്ള അഞ്ചാമത്തെ കറൻസി ആണ് ഇന്ത്യൻ രൂപ

Career Focus

**കറൻസി പ്രിന്റിംഗ്**

- സെക്യൂരിറ്റി പേപ്പർ മിൽ -**ഹോഷംഗാബദ് (മധ്യപ്രദേശ്)**
- ഇന്ത്യൻ സെക്യൂരിറ്റി പ്രസ്സ് - **മഹാരാഷ്ട്രയിലെ നാസിക്**
- കറൻസി നോട്ട് പ്രസ്സ് -**നാസിക്**
- ബാങ്ക്നോട്ട് പ്രസ്സ് - **ദേവാസ്**
- നാണയമിന്റുകൾ - മുംബൈ, കൊൽക്കത്ത, ഹൈദ്രബാദ്, നോയ്ഡ
- ആധുനികവൽക്കരിച്ച് പുതിയ കറൻസി നോട്ട് പ്രസ്സുകൾ കർണാടകയിലെ മൈസൂരിലും വെസ്റ്റ് ബംഗാളിലെ സാൽബോനിയിലും ആരംഭിച്ചിട്ടുണ്ട്.

**നികുതികൾ**

- ഗവൺമെന്റിന്റെ പ്രധാനവരുമാനമാർഗ്ഗമാണ് നികുതികൾ. ഇന്ത്യയിൽ കേന്ദ്രഗവൺമെന്റും സംസ്ഥാനഗവൺമെന്റും നികുതി ഏർപ്പെടുത്തുന്നുണ്ട്.
- കേന്ദ്ര ഗവൺമെന്റ് ഈടാക്കുന്ന നികുതികൾ.

  ആദായ നികുതി

  കോർപ്പറേറ്റ് നികുതി

  എക്സൈസ് ഡ്യൂട്ടി

  കസ്റ്റംസ് ഡ്യൂട്ടി

  സക്സഷൻ ഡ്യൂട്ടി

  സേവനനികുതി

  ഗിഫ്റ്റ് നികുതി

  സ്വത്ത് നികുതി

- സംസ്ഥാന ഗവൺമെന്റ് ഈടാക്കുന്ന നികുതികൾ

  വില്പന നികുതി

  ഭൂനികുതി

  വാഹന നികുതി
- തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഈടാക്കുന്ന നികുതികൾ

  വിനോദനികുതി

  കെട്ടിടനികുതി

  പ്രൊഫഷണൽ ടാക്സ് (തൊഴിൽ നികുതി)
- നികുതികൾ രണ്ടുതരം
  1. പ്രത്യക്ഷനികുതി
  2. പരോക്ഷനികുതി
- നികുതിദായകൻ നേരിട്ടു നൽകുന്ന നികുതിയാണ് പ്രത്യക്ഷനികുതി

  ഉദാ: ആദായനികുതി, കെട്ടിട നികുതി, തൊഴിൽനികുതി പരസ്യനികുതി, ഭൂനികുതി etc.
- ഒരാളുടെ മേൽചുമത്തപ്പെടുന്ന നികുതി ഭാഗികമായോ പൂർണമായോ മറ്റൊരു വ്യക്തി നൽകേണ്ടി വരുന്നതാണ് പരോക്ഷനികുതി.

  ഉദാ: എക്സൈസ് നികുതി, വിനോദനികുതി, വിൽപന നികുതി
- കേന്ദ്ര ഗവൺമെന്റിന്റെ പ്രധാന വരുമാനം - **കോർപ്പറേറ്റ് നികുതി**
- കേന്ദ്ര ഗവൺമെന്റിന്റെ രണ്ടാമത്തെ പ്രധാനവരുമാനം - **എക്സൈസ് നികുതി**
- സംസ്ഥാന ഗവൺമെന്റിന്റെ പ്രധാന വരുമാനം - **വിൽപനനികുതി**
- പ്രഫഷണൽ നികുതി, തൊഴിൽനികുതി എന്നിവ പരോക്ഷനികുതിയിലും പ്രത്യക്ഷനികുതിയിലും ഉൾപ്പെടുന്നു.
- ലോകത്ത് ആദ്യമായി നികുതി ഏർപ്പെടുത്തിയ രാജ്യം - **ഈജിപ്റ്റ്**
- ലോകത്ത് ഏറ്റവും കൂടുതൽ നികുതി നിരക്കുള്ള രാജ്യം - **ബെൽജിയം**
- ഏഷ്യയിൽ ഏറ്റവും കൂടുതൽ നികുതി നിരക്കുള്ള രാജ്യം - **ജപ്പാൻ**
- മൂല്യവർധിത നികുതി ആദ്യമായി നടപ്പിലാക്കിയത് - **ഫ്രാൻസ്**
- ഉപ്പ് നികുതി ആദ്യമായി ഏർപ്പെടുത്തിയ രാജ്യം - **ന്യൂസിലാൻഡ്**
- ഇന്ത്യയിൽ വാണിജ്യകുത്തകളെ നിയന്ത്രിക്കാൻ പുറപ്പെടുവിച്ച ആക്ട് - **MRTP Act (Monopolies and Restrictive Trade Practices Act -1969)**
- നികുതിയെക്കുറിച്ചു പരാമർശിക്കുന്ന ഭരണഘടനാ വകുപ്പ് - **265**
- വില്ലേജ് ഓഫീസിലാണ് ഭൂനികുതി അടയ്ക്കേണ്ടത്.
- പഞ്ചായത്ത് ഓഫീസിലാണ് തൊഴിൽ നികുതി, കെട്ടിടനികുതി അടയ്ക്കേണ്ടത്

**VAT (Value Added Tax) അഥവാ മൂല്യ വർധിത നികുതി**

- വിൽപനയുടെയോ ഉത്പാദനത്തിന്റെയോ ഓരോ ഘട്ടത്തിലും നികുതി ഈടാക്കുന്ന സമ്പ്രദായം - **VAT.**
- ആദ്യമായി VAT ഏർപ്പെടുത്തിയ രാജ്യം - **ഫ്രാൻസ്**
- ഇന്ത്യയിൽ 2005 ലാണ് VAT ഏർപ്പെടുത്തിയത്
- VAT നിലവിൽ വന്ന ആദ്യസംസ്ഥാനം - **ഹരിയാന**
- 2014 ഓടെ എല്ലാ സംസ്ഥാനങ്ങളിലും കേന്ദ്രഭരണ പ്രദേശങ്ങളിലും VAT ഏർപ്പെടുത്തി.
- VAT ന്റെ പരിഷ്ക്കരിച്ച രൂപം - **MOD VAT (Modified value Added Tax)**
- MOD VAT ന്റെ പുതിയ രൂപം - **CEN VAT**

## Goods and Service Tax (GST)

- നിലവിലുള്ള വിവിധ നികുതികൾക്കുപകരമായി കേന്ദ്ര സംസ്ഥാന ഗവൺമെന്റുകൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു വാണിജ്യ നികുതി - **GST** .

Career Focus

- ആദ്യമായി GST നടപ്പിലാക്കിയ രാജ്യം - **ഫ്രാൻസ്**
- പ്രത്യക്ഷമോ പരോക്ഷമോ ആയ നികുതിക്കും പുറമേ ഈടാക്കുന്ന നികുതിയാണ് **സർചാർജ്**
- GST പാസാക്കിയത് ഏത് ഭരണഘടനാ ഭേദഗതി ബില്ലിലൂടെയാണ് - **122**
- ഇപ്പോഴത്തെ GST കമ്മിറ്റി ചെയർമാൻ - **ഡോ. അമിത് മിത്ര (പശ്ചിമ ബംഗാൾ ധനകാര്യമന്ത്രി)**

### നികുതി കമ്മറ്റികൾ

- നികുതികളെക്കുറിച്ച് പഠിക്കാനായി സ്വതന്ത്ര ഇന്ത്യയിൽ ആദ്യമായി നിയോഗിക്കപ്പെട്ട കമ്മീഷൻ - **ഡോ. ജോൺ മത്തായി കമ്മീഷൻ**.
- നികുതി പരിഷ്ക്കാരങ്ങൾക്ക് നിർദ്ദേശം നൽകിയ കമ്മീഷൻ - **രാജാ ചെല്ലയ്യ കമ്മീഷൻ**
- പ്രത്യക്ഷ പരോക്ഷ നികുതികളുടെ പരിഷ്ക്കരണത്തെ സംബന്ധിച്ച് പഠിക്കാൻ നിയോഗിച്ച കമ്മിറ്റി - **വിജയ് ഖേൽക്കർ കമ്മിറ്റി**

### വിവിധ തരം നികുതികൾ

- നഗരങ്ങളിൽ ഇറക്കുമതി ചെയ്യുന്ന സാധനങ്ങൾക്കുമേൽ ഏർപ്പെടുത്തിയിരിക്കുന്ന നികുതി - **ഒക്ട്രോയി**
- മുൻസിപാലിറ്റിയുടെ ഏറ്റവും വലിയ വരുമാനം ഒക്ട്രോയി ആണ്.
- പഞ്ചായത്തുകൾക്ക് ഏറ്റവും കൂടുതൽ വരുമാനം നൽകുന്ന നികുതി - **കെട്ടിടനികുതി**
- പാശ്ചാത്യ രാജ്യങ്ങളിൽ ഫാസ്റ്റ് ഫുഡ് ഇനങ്ങൾക്കായി ഏർപ്പെടുത്തിയിരിക്കുന്ന നികുതി - **കൊഴുപ്പു നികുതി (Fat tax)**
- മലിനീകരണ നടത്തുന്ന വ്യവസായ സ്ഥാപനങ്ങളുടെ മേൽ ഏർപ്പെടുത്തിയിരിക്കുന്ന നികുതി - **കാർബൺ നികുതി**
- ഒരു പ്രത്യേക ആവശ്യത്തിനായി ഈടാക്കുന്ന നികുതി - **സെസ്** (Cess)
- ഇന്ത്യയിൽ ലഭ്യമായ സേവനങ്ങൾക്കുള്ള നികുതി- **സേവന നികുതി**
- സേവനനികുതി ഏർപ്പെടുത്താത്ത ഒരേ ഒരു സംസ്ഥാനം - **ജമ്മു കാശ്മീർ**

Career Focus

### ദാരിദ്രരേഖ (BPL)

- ഇന്ത്യയിൽ ദാരിദ്ര്യം നിർണയിക്കുന്നതിന് അധികാരം നൽകിയിരിക്കുന്നത് ആർക്ക്? - **ആസൂത്രണ കമ്മീഷൻ**
- ഇന്ത്യയിൽ ദാരിദ്ര്യനിർണയരേഖ (BPL) യുമായി ബന്ധപ്പെട്ട **കമ്മീഷൻ - ലക്ക്ഡവാല കമ്മീഷൻ**
- BPL പട്ടികയിൽപ്പെട്ടവരുടെ റേഷൻകാർഡിന്റെ നിറം - **ഇരുണ്ട പിങ്ക് നിറം**
- ഇന്ത്യയിലെ 21.9% ജനങ്ങൾ BPL ൽ ഉൾപ്പെടുന്നു.

### ഇന്ത്യൻ ബാങ്കുകൾ

- 1770 ൽ സ്ഥാപിതമായ ബാങ്ക് ഓഫ് ഹിന്ദുസ്ഥാൻ ആണ് ഇന്ത്യയിലെ ആദ്യത്തെ ബാങ്ക്
- പൂർണമായും ഇന്ത്യൻ മൂലധനമുപയോഗിച്ച് തുടങ്ങിയ ഇന്ത്യയിലെ ആദ്യത്തെ ബാങ്ക് - **പഞ്ചാബ് നാഷണൽ ബാങ്ക്**
- പഞ്ചാബ് നാഷണൽ ബാങ്ക് സ്ഥാപിച്ചത് - **ലാലാ ലജപത്റായ് (1895)**
- ഇന്ത്യയിലെ ആദ്യ സ്വകാര്യ ബാങ്ക് - **സിറ്റി യൂണിയൻ ബാങ്ക്** 1904
- ഇന്ത്യയിലെ മൂന്ന് പ്രസിഡൻസി ബാങ്കുകളായ ബാങ്ക് ഓഫ് ബംഗാൾ, ബാങ്ക് ഓഫ് ബോംബെ, ബാങ്ക് ഓഫ് മദ്രാസ് എന്നിവ ലയിച്ചാണ് **1921ൽ ഇംപിരിയൽ ബാങ്ക്** രൂപം കൊണ്ടത്.
- ഇംപീരിയൽ ബാങ്ക് **1955**ൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ (SBI) എന്ന് പുനർനാമകരണം ചെയ്യപ്പെട്ടു.
- ഇന്ത്യയുടെ സ്വാതന്ത്ര്യ ലബ്ധിക്കുശേഷം 1948ൽ വ്യവസായമേഖലയുടെ സാമ്പത്തികസഹായത്തിനായി ഇന്ത്യാ ഗവൺമെന്റ് സ്ഥാപിച്ച വികസന ബാങ്ക് - IFCI (Industrial finance corportation of India)
- ബാങ്കിംഗ് റെഗുലേഷൻ ആക്ട് പാസ്സായത് - **1949**
- ബാങ്ക് പരിഷ്ക്കാരങ്ങൾക്കുവേണ്ടി നിയമിതമായ കമ്മറ്റി - **നരസിംഹം കമ്മിറ്റി**.
- കേരളത്തിലെ ആദ്യ ബാങ്ക് - **അപ്പുനെടുങ്ങാടി ബാങ്ക് (1899)**
- ഈ ബാങ്ക് 2003ൽ പഞ്ചാബ് നാഷണൽബാങ്കിൽ ലയിച്ചു.

**Reserve Bank of India**

RBI രൂപം കൊണ്ടത് ഏത് കമ്മീഷന്റെ ശുപാർശ പ്രകാരമാണ് - Hilton young commission (1926)

RBI സ്ഥാപിതമായത് - **1935 ഏപ്രിൽ 1**

RBI ദേശസാൽക്കരിച്ചത് - **1949 ജനുവരി 1**

RBI യുടെ ആസ്ഥാനം - **മുംബൈ**

കേരളത്തിലെ RBI ആസ്ഥാനം - **തിരുവനന്തപുരം**

ബാങ്കുകളുടെ ബാങ്ക് എന്നറിയപ്പെടുന്നത് - **RBI**

- RBI ധനവിനിമയം നിയന്ത്രിക്കുന്നത് റിപ്പോ റേറ്റ്, റിവേഴ്സ് റിപ്പോ റേറ്റ്, CRR, SLR, ഓപ്പൺ മാർക്കറ്റ് ഓപ്പറേഷൻ എന്നിവയിൽ വ്യത്യാസം വരുത്തിയാണ്.

**RBI പ്രവർത്തനങ്ങൾ**

- അന്താരാഷ്ട്ര നാണയ നിധിയിൽ ഇന്ത്യയെ പ്രതിനിധീകരിക്കുന്നു
- ഇന്ത്യൻ കറൻസിയുടെ വിനിമയമൂല്യം സ്ഥിരമായി സൂക്ഷിക്കുന്നു
- പണസംബന്ധമായ കാര്യങ്ങളിൽ ഗവൺമെന്റിനെ ഉപദേശിക്കുന്നത് RBI ആണ്
- കറൻസി നോട്ടുകൾ അച്ചടിച്ച് വിതരണം ചെയ്യുന്നതിന്റെ മേൽനോട്ടം RBI ആണ്.
- വിദേശനാണ്യശേഖരത്തിന്റെ കാവൽക്കാരൻ RBI ആണ്.
- ആദ്യ RBI ഗവർണർ - സർ ഓസ്ബോൺസ്മിത്ത്
- RBI ഗവർണർ ആയ ആദ്യ ഇന്ത്യൻ - **C.D. Deshmukh**
- പ്രധാനമന്ത്രിയാകുന്നതിനു മുൻപ് RBI ഗവർണർ ആയിരുന്ന വ്യക്തി - **മൻമോഹൻസിങ്**
- ഇപ്പോഴത്തെ RBI ഗവർണർ - **ഉർജിത് പട്ടേൽ**

**ബാങ്ക് ദേശസാൽക്കരണം**

- ബാങ്ക് ദേശസാൽക്കരണം ആദ്യമായി നടന്ന വർഷം **-1969**
- എത്ര ബാങ്കുകൾ 1969-ൽ ദേശസാൽക്കരിക്കപ്പെട്ടു - **14**
- 1980ൽ 6 ബാങ്കുകൾ കൂടി ദേശസാൽക്കരിക്കപ്പെട്ടു
- രണ്ടു ബാങ്കു ദേശസാൽക്കരണവും നടന്നത് ഇന്ദിരാഗാന്ധി ഗവൺമെന്റിന്റെ കാലത്താണ്.
- 1993ൽ New Bank of India പഞ്ചാബ് നാഷണൽ ബാങ്കിൽ ലയിച്ചതോടെ ദേശസാൽകൃതബാങ്കുകളുടെ എണ്ണം 19 ആയി.
- 1934-ലെ RBI Act ന്റെ രണ്ടാം പട്ടിക (Schedule) ൽ ഉൾപ്പെടുന്ന ബാങ്കുകൾ **ഷെഡ്യൂൾഡ് ബാങ്കുകൾ** എന്ന് അറിയപ്പെടുന്നു.
- 2013ൽ ഭാരതീയ **മഹിളാ ബാങ്ക്** പ്രവർത്തനം ആരംഭിച്ചപ്പോൾ ദേശസാൽക്കൃതബാങ്കുകളുടെ എണ്ണം **20** ആയി.

Career Focus

**SBI**

- 1955ൽ Imperial Bank ആണ് SBI ആയിമാറിയത്
- ബ്രാഞ്ചുകളുടെ എണ്ണത്തിന്റെ കാര്യത്തിൽ ലോകത്തിലെ രണ്ടാമത്തെ ബാങ്ക് - **SBI**
- ഇന്ത്യയിലെ ഏറ്റവും വലിയ വാണിജ്യബാങ്ക് - **SBI**
- ഇന്ത്യക്ക് പുറത്ത് ഏറ്റവും കൂടുതൽ രാജ്യങ്ങളിൽ ശാഖകളുള്ള ബാങ്ക് - **SBI**
- ഇന്ത്യയിൽ ആദ്യമായി കോർബാങ്കിംഗ് നടപ്പാക്കിയത് - **SBI**
- SBI യുടെ ആസ്ഥാനം - **മുംബൈ**
- SBI യുടെ ഇപ്പോഴത്തെ ചെയർമാർ - **അരുന്ധതിഭട്ടാചാര്യ**
- Pure Banking Nothing Else എന്നത് SBI യുടെ ആപ്തവാക്യം ആണ്.
- ഇന്ത്യയിലെ ആദ്യത്തെ ഒഴുകുന്ന ATM സ്ഥാപിച്ചത് SBI ആണ്

| |
|---|
| **സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയും അനുബന്ധ ബാങ്കുകളും** |
| സ്റ്റേറ്റ് ബാങ്ക് ഓഫ് ബിക്കാനിർ & ജയ്പൂർ |
| സ്റ്റേറ്റ് ബാങ്ക് ഓഫ് ഹൈദരാബാദ് |
| സ്റ്റേറ്റ് ബാങ്ക് ഓഫ് മൈസൂർ |
| സ്റ്റേറ്റ് ബാങ്ക് ഓഫ് പട്യാല |
| സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ |
| കുറച്ചു നാളുകൾക്ക് മുമ്പ് എസ്.ബി.എ-യിൽ ലയിച്ച എസ്.ബി.എയുടെ അനുബന്ധ ബാങ്കുകൾ - **സ്റ്റേറ്റ് ബാങ്ക് ഓഫ് സൗരാഷ്ട്ര, സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡോർ** |

**പൊതുമേഖലാ ബാങ്കുകളും ആസ്ഥാനങ്ങളും**

| | | |
|---|---|---|
| ബാങ്ക് ഓഫ് ബറോഡ (വഡോധര) | - | **ബറോഡ** |
| പഞ്ചാബ് നാഷണൽ ബാങ്ക് | - | **ന്യൂഡൽഹി** |
| കാനറാ ബാങ്ക് | - | **ബംഗ്ലൂരു** |
| യുണൈറ്റഡ് കൊമേഴ്സ്യൽ ബാങ്ക് | - | **കൊൽക്കത്ത** |
| അലഹബാദ് ബാങ്ക് | - | **കൊൽക്കത്ത** |
| ദേനാ ബാങ്ക് | - | **മുംബൈ** |
| ബാങ്ക് ഓഫ് മഹാരാഷ്ട്ര | - | **പൂനെ** |
| യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യ | - | **മുംബൈ** |
| ഇന്ത്യൻ ബാങ്ക് | - | **ചെന്നൈ** |
| വിജയാ ബാങ്ക് | - | **ബംഗളൂരു** |
| ആന്ധ്രാബാങ്ക് | - | **ഹൈദരാബാദ്** |
| കോർപ്പറേഷൻ ബാങ്ക് | - | **ഉടുപ്പി** |
| ഓറിയന്റൽ ബാങ്ക് ഓഫ് കൊമേഴ്സ് | - | **ഡൽഹി** |
| വിജയാ ബാങ്ക് | - | **ബംഗളൂരു** |
| സിൻഡിക്കേറ്റ് ബാങ്ക് | - | **മണിപ്പാൽ** |
| പഞ്ചാബ് & സിന്ധ് ബാങ്ക് | - | **ഡൽഹി** |
| ഇന്ത്യൻ ഓവർസീസ് ബാങ്ക് | - | **ചെന്നൈ** |
| സെൻട്രൽ ബാങ്ക് ഓഫ് ഇന്ത്യ | - | **മുംബൈ** |

Career Focus

**ജൻധൻ യോജന**

- ഭാരതത്തിലെ എല്ലാ കുടുംബങ്ങൾക്കും ബാങ്ക് അക്കൗണ്ട് ലഭ്യമാക്കുക എന്ന ഉദ്ദേശത്തോടെ 2014 ഓഗസ്റ്റ് 28ന് പ്രധാനമന്ത്രി നരേന്ദ്ര മോഡി തുടക്കമിട്ട പദ്ധതി.
- ഒരു കുടുംബത്തിന് ഒരു ബാങ്ക് അക്കൗണ്ടെന്ന ലക്ഷ്യം
- ബാങ്ക് അക്കൗണ്ട് തുടങ്ങുന്നവർക്ക് റുപെ ഡെബിറ്റ് കാർഡും 1 ലക്ഷം രൂപയുടെ ഇൻഷൂറൻസ് പരിരക്ഷയും ലഭിക്കും.
- ജൻധൻ ബാങ്ക് അക്കൗണ്ടുകൾ തുടങ്ങുന്നവർക്ക് 5000 രൂപയുടെ ഓവർ ഡ്രാഫ്റ്റ് ഫസിലിറ്റിയും ലഭ്യമാകും.

**മറ്റു ബാങ്കുകൾ**

**ICICI Ltd**

- Industrial credit and Investment Corporation of India Ltd (ICICI Ltd) 1955ലാണ് സ്ഥാപിതമായത്.
- ഇന്ത്യയിലെ ഏറ്റവും വലിയ സ്വകാര്യ ബാങ്കും ഇന്ത്യയിലെ രണ്ടാമത്തെ ഏറ്റവും വലിയ ബാങ്കും - **ICICI**
- ICICI ബാങ്കിന്റെ ആസ്ഥാനം - **മുംബൈ**
- രാജ്യത്തെ ആദ്യത്തെ യൂണിവേഴ്സൽ ബാങ്ക് എന്നറിയപ്പെടുന്നത് - **ICICI**

**IDBI**

- Industrial Development Bank of India 1964ലാണ് സ്ഥാപിതമായത്.

- IDBI യുടെ ആസ്ഥാനം - **മുംബൈ**

**സിഡ്ബി (SIDBI - Small Industries Developement Bank of India)**

- 1990 ൽ സ്ഥാപിതമായ സിഡ്ബി ചെറുകിട വ്യവസായങ്ങളെ സഹായിക്കുന്നതിനുവേണ്ടി രൂപീകരിച്ച ബാങ്ക് ആണ്.
- സിഡ്ബി ആസ്ഥാനം - **ലക്നൗ**

**NABARD (National Bank for Agriculture and Rural Development)**

- കൃഷിക്കും ഗ്രാമീണമേഖലയ്ക്കും ധന സഹായം നൽകുന്നതിനുവേണ്ടി 1982ൽ രൂപീകരിച്ച ബാങ്ക് - **NABARD**
- NABARD -ന്റെ ആസ്ഥാനം - **മുംബൈ**
- കയറ്റുമതിയേയും ഇറക്കുമതിയേയും സഹായിക്കാൻ വേണ്ടി 1982 ൽ സ്ഥാപിതമായ ബാങ്ക് - **Exim Bank**

**ഗ്രാമീൺ ബാങ്കുകൾ (RRB)**

- ഗ്രാമങ്ങളുടെ സാമ്പത്തിക വികാസനത്തിനായിട്ടാണ് RRB കൾ ആരംഭിച്ചത്
- 1975ൽ സിൻഡിക്കേറ്റ് ബാങ്കിന്റെ സ്പോൺസർഷിപ്പിലാണ് ആദ്യത്തെ RRB സ്ഥാപിച്ചത്.
- UP യിലെ മൊറാദാബാദിൽ സ്ഥാപിച്ച പ്രഥമഗ്രാമീൺ ബാങ്കാണ് ആദ്യത്തെ RRB
- **നരസിംഹം കമ്മിറ്റി** റിപ്പോർട്ട് അടിസ്ഥാനത്തിലാണ് RRB കൾ സ്ഥാപിച്ചത്
- ഏറ്റവും അധികം ഗ്രാമീണ ബാങ്കുകളുള്ള സംസ്ഥാനം - **UP**
- സിക്കിം, ഗോവ എന്നീ സംസ്ഥാനങ്ങളിൽ ഗ്രാമീൺ ബാങ്കുകൾ ഇല്ല
- കേരളത്തിൽ സൗത്ത് മഹബാർ ഗ്രാമീൺബാങ്കും നോർത്ത് മലബാർ ഗ്രാമീൺ ബാങ്കും ലയിച്ചുണ്ടായ പുതിയ ബാങ്ക് - **കേരള ഗ്രാമീൺബാങ്ക് 2013 ജൂലായ് 8**
- ഇന്ത്യയിലെ ഏറ്റവും വലിയ ഗ്രാമീൺ ബാങ്ക് - **കേരളഗ്രാമീൺ ബാങ്ക്**
- ഏറ്റവും അവസാനമായി ബാങ്കിംഗ് ലൈസൻസുകൾ വഭിച്ച ബാങ്കുകൾ - **ബന്ധൻ ബാങ്കും IDFC ബാങ്കും**

**ബന്ധൻ ബാങ്ക്**

- ബന്ധൻ ഫിനാൻഷ്യൻ സർവ്വീസ് Pvt Ltd ആണ് ബന്ധൻ ബാങ്ക് എന്ന പേരിലറിയപ്പെടുന്നത്.
- 2015 ആഗസ്റ്റ് 23ന് ബന്ധൻ ബാങ്ക് സ്ഥാപിതമായി ആദ്യ ചെയർമാൻ അശോക് കുമാർ ലാഹിരി.
- ബന്ധൻ ബാങ്കിന്റെ ആസ്ഥാനം - **കൊൽക്കത്ത**

Career Focus

**IDFC**

- 2015 ഒക്ടോബർ 1 നാണ് IDFC പ്രവർത്തനമാരംഭിച്ചത്.
- പ്രധാനമന്ത്രി നരേന്ദ്രമോദി ആണ് IDFC ഉൽഘാടനം ചെയ്തത്.
- IDFCയുടെ ആസ്ഥാനം - **മുംബൈ**

**എക്സിം ബാങ്ക് (EXIM Bank)**

EXIM Bank - **Export Import Bank of India**

സ്ഥാപിക്കപ്പെട്ടത് - **1982**

ആസ്ഥാനം - **മുംബൈ**

വിദേശ വ്യാപാരം മെച്ചെപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ രൂപംകൊണ്ടു.

**മഹിളാ ബാങ്ക്**

- മുംബൈ ആസ്ഥാനമാക്കി മുൻപ്രധാനമന്ത്രി ഇന്ദിരാഗാന്ധിയുടെ ജന്മവാർഷിദിനത്തിലാണ് 1993 നവംബർ 19 മഹിളാ ബാങ്ക് ആരംഭിച്ചത്.
- മഹിളാ ബാങ്കിന്റെ ആസ്ഥാനം - **ന്യൂഡൽഹി.**
- മഹിളാ ബാങ്കിന്റെ ആദ്യ CEO - **ഉഷ അനന്തസുബ്രഹ്മണ്യം**
- കേരളത്തിലെ ആദ്യത്തെ മഹിളാബാങ്ക് തിരുവനന്തപുരത്താണ്
- എസ്.ബി.ഐയുടെ അഞ്ച് അസോസിയേറ്റ് ബാങ്കുകളും മഹിളാ ബാങ്കും ചേർന്ന് ഉടൻ തന്നെ എസ്.ബി.ഐയിൽ ലയിക്കും.

### മുദ്ര ബാങ്ക്

- സൂക്ഷ്മ വ്യവസായയൂണിറ്റുകളുടെ (Micro finance Enterprises) സാമ്പത്തികസഹായത്തിനായി 2015 ഏപ്രിൽ 8 നാണ് പ്രധാനമന്ത്രി മുദ്ര പദ്ധതി പ്രഖ്യാപിച്ചത്.
- MUDRA (മുദ്ര) - **മൈക്രോ യൂണിറ്റ്സ് ഡെവലപ്മെന്റ് ആന്റ് റിഫിനാൻസിംഗ് ഏജൻസി.**
- കോർപറേഷൻ ബാങ്ക് ആണ് ആദ്യമായി മുദ്ര കാർഡ് പുറത്തിറക്കിയ ബാങ്ക്.
- SIDBI യുടെ ഉപബാങ്കാണ് (Subsidiary bank) മുദ്രാ ബാങ്ക്

### മുദ്ര പദ്ധതി പ്രകാരം നൽകുന്ന ലോണുകൾ

- 50,000 ത്തിൽ താഴേ - **ശിശു**
- 50,000 - 5 ലക്ഷം വരെ - **കിഷോർ**
- 5 ലക്ഷം-10ലക്ഷം -**തരുൺ**

### പേയ്മെന്റ് ബാങ്കുകൾ

- ബാങ്കിംഗ് സൗകര്യമില്ലാത്ത സ്ഥലങ്ങളിൽ ബാങ്കിങ് സൗകര്യങ്ങൾ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ പുതുതായി നിലവിൽ വന്ന ബാങ്ക് - **പേയ്മെന്റ് ബാങ്ക്.**
- 100 കോടി രൂപയാണ് പേയ്മെന്റ് ബാങ്കുകളുടെ കുറഞ്ഞ മൂലധനം
- **നചികേത് മോർ** കമ്മീഷന്റെ ശുപാർശ പ്രകാരമാണ് പേയ്മെന്റ് ബാങ്കുകൾ നിലവിൽ വന്നത്.
- പേയ്മെന്റ് ബാങ്കുവഴി വായ്പ നൽകാനോ ക്രെഡിറ്റ് കാർഡുകൾ നൽകാനോ കഴിയില്ല.
- എന്നാൽ എ.ടി.എം കാർഡും ഡെബിറ്റ് കാർഡും ഓൺലൈൻ ബാങ്കിംഗ് സൗകര്യങ്ങളും നൽകാൻ ഇവർക്ക് അനുവാദമുണ്ട്
- പേയ്മെന്റ് ബാങ്കുകൾക്ക് സ്വീകരിക്കാൻ കഴിയുന്നു പരമാവധി നിക്ഷേപം - **ഒരു ലക്ഷം രൂപ**
- ഇന്ത്യയിലെ ആദ്യത്തെ പേയ്മെന്റ് ബാങ്ക് തുടങ്ങിയത് - **എയർടെൽ (രാജസ്ഥാൻ)**

### SMALL BANKS (ചെറുബാങ്കുകൾ)

- ബാങ്കിംഗ്, ഫിനാൻസ്, മ്യൂച്ചൽഫണ്ട് എന്നീ മേഖലകളിൽ പത്ത് വർഷം പരിചയമുള്ളവർക്ക് ചെറു ബാങ്കുകൾ തുടങ്ങാനായി അപേക്ഷിക്കാം.
- ബാങ്ക് തുടങ്ങുന്നതിനുള്ള ഏറ്റവും ചെറിയ മൂലധനം നൂറു കോടി രൂപയാണ്
- ചെറുകച്ചവടക്കാർ, അസംഘടിത മേഖലയിൽ ജോലി ചെയ്യുന്നവർ, കർഷകർ, ചെറുവരുമാനക്കാർ തുടങ്ങിയ എല്ലാവർക്കും ബാങ്കിംഗ് സൗകര്യം നൽകുന്നതിനാണ് ഈ ബാങ്ക് ലക്ഷ്യംവെയ്ക്കുന്നത്.
- വിതരണം ചെയ്യപ്പെടുന്ന ലോണുകളുടെ അമ്പത് ശതമാനവും 25 ലക്ഷത്തിൽ താഴെയുള്ള ലോണുകളായിരിക്കണം.
- പ്രോമോട്ട് ചെയ്യുന്ന ഗ്രൂപ്പ് മൊത്തം മൂലധനത്തിന്റെ 40 ശതമാനം പ്രാരംഭത്തിൽ സംഭാവന ചെയ്യണം. 12 വർഷത്തിന് ശേഷം അവരുടെ മൂലധനം 26 ശതമാനത്തിലേക്ക് കൊണ്ടുവരാം.
- ഇന്ത്യയിലെ ആദ്യത്തെ സ്മോൾ ബാങ്ക് - ക്യാപിറ്റൽ ലോക്കൽ ഏരിയാ ബാങ്ക് (ജലന്ധർ)

Career Focus

### DBT (Direct benefit transfer)

- ആധാർ രേഖയുമായി ബന്ധപ്പെടുത്തിയ ബാങ്ക് അക്കൗണ്ടുകൾ വഴി സർക്കാർ സഹായം ഗുണഭോക്താക്കൾക്ക് നേരിട്ട് കൈമാറുന്ന പദ്ധതി
- ഇന്ത്യയിലെ എൽ.പി.ജി വിതരണ പദ്ധതിയായ'**പഹൽ**'-ലാണ് ഇന്ത്യയിലെ ഏറ്റവും വലിയ **DBT** പദ്ധതി
- പഹൽ പദ്ധതി ഗിന്നസ് ബുക്കിൽ വരെ സ്ഥാനം പിടിച്ചു

### ഇന്ദ്ര ധനുഷ്

- പൊതുമേഖലാ ബാങ്കുകളുടെ പരിഷ്ക്കരണം ലക്ഷ്യമിട്ട് കേന്ദ്രസർക്കാർ ആരംഭിച്ച പദ്ധതിയാണ് ഇന്ദ്ര ധനുഷ്.

  ഇന്ദ്രധനുഷ് പ്രഖ്യാപിച്ച തീയതി - **2015 ആഗസ്റ്റ് 14**

### ബ്രിക്സ് ബാങ്ക് (New Development Bank)

- Brazil, Russia, India, China, South Africa രാജ്യങ്ങളുടെ സഖ്യമായ ബ്രിക്സിന്റെ നേതൃത്വത്തിൽ ആരംഭിച്ച ബാങ്ക് ആണ് New Development Bank (NDB)

- ആസ്ഥാനം - **ഷാങ്ഹായ് (ചൈന)**
- 2015 ജൂലായ് 21 ന് പ്രവർത്തനം തുടങ്ങി. കെ.വി. കാമത്ത് ആണ് NDB യുടെ ആദ്യ അധ്യക്ഷൻ

**AIIB**

ചൈനയുടെ നേതൃത്വത്തിൽ ആരംഭിക്കുന്ന പുതിയ ബാങ്ക് - **AIIB (Asian Infrastructure Investment Bank)**

ആസ്ഥാനം - **ബീജിങ് (ചൈന)**

**Banking Facts**

ISO certification നേടിയ ആദ്യ ബാങ്ക് - **കാനറാ ബാങ്ക്**

Credit card തുടങ്ങിയ ആദ്യ പൊതുമേഖലാ ബാങ്ക് - **സെൻട്രൽ ബാങ്ക് ഓഫ് ഇന്ത്യ**

ATM സൗകര്യം ലഭ്യമാക്കിയ ആദ്യ ബാങ്ക് - **HSBC (1987 - മുംബൈയിൽ)**

കേരളത്തിൽ ആദ്യമായി ATM ആരംഭിച്ചത് - **ബ്രിട്ടീഷ് ബാങ്ക് ഓഫ് മിഡിൽ ഈസ്റ്റ് (1992ൽ തിരുവനന്തപുരത്ത്)**

ഇന്റർനെറ്റ് സൗകര്യം ആരംഭിച്ച ആദ്യ ബാങ്ക് - ICICI

ഇന്ത്യയിലെ ആദ്യ സമ്പൂർണ ബാങ്കിംഗ് സംസ്ഥാനമാണ് **കേരളം**

കേരളത്തിലെ സമ്പൂർണ ബാങ്കിംഗ് ജില്ല **പാലക്കാട്**

**RTGS - Real Time Gross Settlement**

- ഒരു ബാങ്ക് അക്കൗണ്ടിൽ നിന്ന് മറ്റൊരാളുടെ ബാങ്ക് അക്കൗണ്ടിലേക്ക് ഓൺലൈനായി പണം അടയ്ക്കാനുള്ള സംവിധാനമാണ് - **RTGS**
- വലിയ തുകകളാണ് ആർ.ടി.ജി.എസ്സിലൂടെ കൈമാറപ്പെടുന്നത്
- ആർ.ടി.ജി.എസ്സിലൂടെ അയ്ക്കാവുന്ന ഏറ്റവും ചെറിയ തുക - **2 ലക്ഷം രൂപ**
- ആർ.ടി.ജി.എസ്സലൂടെ അയ്ക്കാവുന്ന ഏറ്റവും വലിയ തുക -**10 ലക്ഷം രൂപ**

Career Focus

**NEFT - National Electronic Fund Transfer**

- ഓൺലൈനായി പണം കൈമാറുനുള്ള മറ്റൊരു സംവിധാനമാണ് - **NEFT**
- **NEFT** വഴി പണമടയ്ക്കുന്നവർ ബാങ്കിന്റെ **IFSC** കോഡ് രേഖപ്പെടുത്തേണ്ടതാണ്.
- **NEFT** വഴി പണമടയ്ക്കുന്നതിനുള്ള ചെറിയ തുകയുടെ വലിയ തുകയുടെയോ നിയന്ത്രണങ്ങളില്ല.

**ബാങ്കിങ് ഓംബുഡ്സ്മാൻ**

- ബാങ്കുകളുടെ സേവനങ്ങളെ സംബന്ധിക്കുന്ന പരാതികൾക്ക് പരിഹാരം കാണുന്നതിനായി RBI ഏർപ്പെടുത്തിയ സംവിധാനം ആണ് ബാങ്കിംഗ് ഓംബുഡ്സ്മാൻ
- 2006 ൽ നിലവിൽ വന്നു
- വിവിധ സംസ്ഥാനങ്ങളിലായി 15 ഓംബുഡ്സ്മാൻമാരെ ആർ.ബി.ഐ നിയമിച്ചിട്ടുണ്ട്

**സ്റ്റോക്ക് എക്സ്ചേഞ്ച്**

- ഓഹരി (Share)കളും സെക്യൂരിറ്റികളും വിൽക്കാനും വാങ്ങാനും കഴിയുന്ന മാർക്കറ്റ് ആണ് ഓഹരി വിപണി (Share market)
- ഏഷ്യയിലെ ആദ്യത്തെ ഓഹരി വിപണി - **BSE (Bombay Stock Exchange)**
- BSE ആസ്ഥാനം - **ദലാൾ സ്ട്രീറ്റ് (മുംബൈ)**
- BSE യുടെ സൂചിക **SENSEX** എന്നാണ് അറിയപ്പെടുന്നത്.

**നാഷണൽ സ്റ്റോക് എക്സ്ചേഞ്ച്**

- സ്ഥാപിതമായത് - **1982**
- ഓഹരി സൂചിക - **നിഫ്റ്റി**
- ആസ്ഥാനം - **മുംബൈ**
- SEBI (Securities and Exchange Board of India) ആണ് ഇന്ത്യൻ ഓഹരി വിപണികളെ നിയന്ത്രിക്കുന്നത്
- SEBI സ്ഥാപിതമായ വർഷം **-1988**

- SEBI യുടെ ആദ്യ ചെയർമാൻ - **S.A. Davu**
- SEBI യുടെ ആസ്ഥാനം - **മുംബൈ**
- Cohcin Stock Exchange (CSE) സ്ഥാപിതമായ വർഷം –1978 (ഇത് കേരളത്തിലെ ഏക ഓഹരി വിപണിയാണ്)
- ഏറ്റവും കൂടുതൽ കമ്പനികൾ ലിസ്റ്റുചെയ്യപ്പെട്ട ഓഹരി വിപണി ജപ്പാനിലെ Tokyo ഓഹരിവിപണിയാണ്.
- ലോകത്തിലെ ആദ്യത്തെ Stock Exchange - **ആംസ്റ്റർഡാം സ്റ്റോക്ക് എക്സ്ചേഞ്ച്**
- ലോകത്തിലെ ഏറ്റവും വലിയ Stock Exchange - **Newyork Stock Exchange**
- ന്യൂയോർക്ക് സ്റ്റോക് എക്സ്ചേഞ്ച് ഏത് പേരിൽ അറിയപ്പെടുന്നു - **Big Board**
- Big Board ന്റെ ആസ്ഥാനം - **വാൾസ്ട്രീറ്റ്**
- ലോകത്തിലെ ആദ്യത്തെ ഇലക്ട്രോണിക് ഓഹരി വിപണി അമേരിക്കയിലെ NASDAQ ആണ്
- BSE ആരംഭിച്ച online ഓഹരി വിപണി ആണ് BOLT - **BSE online trading (1995)**
- Delhi Stock Exchange ആരംഭിച്ച online വിപണി DOTS ആണ് (Delhi online trading system(1996)
- ഓഹരി വിപണിയിൽ സൂചിക ഉയരുന്ന അവസ്ഥ ബുൾമാർക്കറ്റ് എന്ന് അറിയപ്പെടുന്നു.
- ഓഹരി വിപണിയിൽ സൂചിക ഇടിയുന്ന അവസ്ഥയ്ക്ക് ബെയർ മാർക്കറ്റ് എന്ന് അറിയപ്പെടുന്നു
- ഓഹരികൾ വാങ്ങാനും സൂക്ഷിക്കാനും വിൽക്കാനുമുള്ള ഇലക്ട്രോണിക് അക്കൗണ്ടുകളുടെ പേര് - **ഡീമാറ്റ് അക്കൗണ്ട്**
- ബ്ലൂചിപ്പ് എന്ന് അറിയപ്പെടുന്നത് വിലകൂടിയ ഓഹരികൾ ആണ്.
- ഗവൺമെന്റ് ഓഹരികൾ ഗിൽഡ് എന്ന് അറിയപ്പെടുന്നു.

**രാജ്യങ്ങളും സ്റ്റോക്ക് എക്സചേഞ്ചുകളും**

Career Focus

| | | |
|---|---|---|
| ഡൗ ജോൺസ് | - | യു.എസ് |
| നാസ്ഡാക് | - | യു.എസ് |
| മിസ്സെക്സ് | - | റഷ്യ |
| ഹോചിമിൻ സ്റ്റോക്ക് എക്സചേഞ്ച് | - | വിയറ്റ്നാം |
| ബോരസ ഇറ്റാലിയാന | - | ഇറ്റലി |
| ഷാങ്ഹായ് | - | ചൈന |
| കോസ്പി | - | ദക്ഷിണകൊറിയ |
| എഫ്.ടി.എസ്.സി (FTSC) | - | ഇംഗ്ലണ്ട് |
| സി.എ.സി (CAC) | - | ഫ്രാൻസ് |
| ഡി.എ.എക്സ് (DAX) | - | ജർമ്മനി |
| നിക്കി (NIKKEI) | - | ജപ്പാൻ |
| ഹാൻസെങ് (HANSENG) | - | ഹോങ്കോങ് |

**ഇൻഷുറൻസ്**

- ഇന്ത്യയിലെ ആദ്യത്തെ ഇൻഷുറൻസ് കമ്പനി - **Oriental life Insurance company**
- ഓറിയന്റൽ ഇൻഷൂറൻസ് കമ്പനിയുടെ ആസ്ഥാനം - **കൊൽക്കത്ത**
- ഇന്ത്യയിലെ ഏറ്റവും വലിയ ഇൻഷുറൻസ് കമ്പനി - **LIC**
- LIC യുടെ ആസ്ഥാനം - **മുംബൈ**
- LIC സ്ഥാപിതമായത് - **1956 September 1 ന്**
- LIC യുടെ ആപ്തവാക്യം - **യോഗക്ഷേമം വഹാമ്യഹം**
- LIC യുടെ ആദ്യ വനിത മാനേജിങ് ഡയറക്ടർ - **ഉഷ സാങ്വാൻ**
- 1972ൽ മുംബൈ ആസ്ഥാനമാക്കി ജനറൽ ഇൻഷുറൻസ് കോർപറേഷൻ GIC ആരംഭിച്ചു.
- IRDA (Insurance Regulatory and Development Authority) ആണ് ഇൻഷുറൻസ് രംഗം നിയന്ത്രിക്കുന്നത്.

- IRDA യുടെ ആസ്ഥാനം - **ഹൈദരാബാദ്**

**ബജറ്റ്**

- കേന്ദ്രസർക്കാൻ പാർലമെന്റിൽ നടത്തുന്ന വാർഷികസാമ്പത്തിക പ്രസ്താവനയാണ് ബജറ്റ്
- ബജറ്റിനെക്കുറിച്ച് പരാമർശിക്കുന്നു ഭരണഘടന വകുപ്പ് - **112-ാം വകുപ്പ്**
- ഇന്ത്യയിൽ സാമ്പത്തിക വർഷം - **ഏപ്രിൽ 1 മുതൽ മാർച്ച 31 വരെ**
- ഇന്ത്യയിലേറ്റവും കൂടുതൽ കേന്ദ്ര ബജറ്റുകൾ അവതരിപ്പിച്ച ധനമന്ത്രി മൊറാർജിദേശായി ആണ്
- സ്വതന്ത്ര ഇന്ത്യയിൽ ആദ്യബജറ്റ് അവതരിപ്പിച്ചത് ആദ്യത്തെ കേന്ദ്ര ധനകാര്യമന്ത്രിയായിരുന്ന ആർ.കെ. ഷൺമുഖം ചെട്ടിയാണ്. Republic ഇന്ത്യയിലെ ആദ്യബജറ്റ് മലയാളിയായ ജോൺ മത്തായി അവതരിപ്പിച്ചു.
- കേരളത്തിൽ ഏറ്റവും കൂടുതൽ തവണ ബജറ്റ് അവതരിപ്പിച്ചത് K.M. Mani ആണ്
- ബജറ്റ് അവതരിപ്പിച്ച ഏക വനിത **ഇന്ദിരാഗാന്ധി** ആണ്

**അടിസ്ഥാനവർഷം**

മൊത്തം ആഭ്യന്തര ഉത്പാദനം കണക്കാക്കുന്നതിനുള്ള അടിസ്ഥാനവർഷം 2004 - 05ൽ നിന്ന് 2011 - **12 ആക്കി**

**ബജറ്റുകൾ പലതരം**

- ഒരു വർഷത്തിൽ സർക്കാറിന്റെ വരവിന്റേയും ചെലവിന്റെയും എസ്റ്റിമേറ്റുകൾ തുല്യമാണെങ്കിൽ ആ ബജറ്റ് സന്തുലിത ബജറ്റ് എന്ന് അറിയപ്പെടുന്നു.
- വരവിന്റെ എസ്റ്റിമേറ്റ് ചെലവിന്റെ എസ്റ്റിമേറ്റിനെക്കാൾ കൂടുതലാണെങ്കിൽ മിച്ച ബജറ്റ് എന്നും കുറവാണെങ്കിൽ കമ്മി ബജറ്റ് എന്നും അറിയപ്പെടുന്നു.

**വോട്ട് ഓൺ അക്കൗണ്ട്**

- ഒരു സാമ്പത്തികവർഷം തുടങ്ങുന്നതിനുമുൻപ് ബജറ്റ് പാസ്സാക്കാനാവാതെ വന്നാൽ ചെറിയ കാലയളവിലേക്ക് പണം ചെലവാക്കാനുള്ള അനുവാദത്തിനുവേണ്ടി ധനമന്ത്രി പാർലമെന്റ് (അല്ലെങ്കിൽ നിയമസഭ)ൽ അവതരിപ്പിക്കുന്ന ബിൽ ആണ് Vote on Account
- സാധാരണയായി 4 മാസത്തെ ചെലവിനാണ് Vote on Account അവതരിപ്പിക്കുന്നത്.

Career Focus

**സാമ്പത്തിക നൊബേൽ**

- സാമ്പത്തികശാസ്ത്രത്തിലെ സംഭാവനയ്ക്കുള്ള ഏറ്റവും ഉയർന്ന ബഹുമതിയാണ് സാമ്പത്തിക നോബെൽ.
- സാമ്പത്തിക നൊബേൽ സമ്മാനം നൽകുന്നത് - **സ്വീഡനിലെ Ricks ബാങ്ക്**
- 1969 മുതൽ സാമ്പത്തിക നൊബേൽ നൽകിത്തുടങ്ങി.
- 2009 ൽ സാമ്പത്തിക നോബെൽ നേടിയ എലിനോർ ഓസ്ട്രം സാമ്പത്തിക നോബെൽ നേടിയ ഏക വനിതയാണ്.
- 2015ലെ സാമ്പത്തിക നോബെൽ നേടിയത് സ്കോട്ട്ലാന്റ് കാരനായ ആംഗസ് ഡീറ്റൺ ആണ്.
- 2015ലെ സാമ്പത്തിക നോബേൽ നേടിയത് ഒലിവർ ഹാർട്ട്, ബംങ്റ്റ് ഹോംസ്ട്രോം എന്നിവരാണ്.